21059
9/10/17

കേരള സർക്കാർ

സംഗ്രഹം

പിന്നാക്ക വിഭാഗ വികസന വകുപ്പ് - സ്കൂൾ / കോളേജ് പ്രവേശനത്തിന് പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഒഴിവുള്ള സീറ്റുകളിൽ വിദ്യാർത്ഥികളെ ലഭിക്കാതെ വന്നാൽ ടി സീറ്റുകളിൽ ഒ.ഇ.സി. വിഭാഗം വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം നൽകാവൂ എന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്

സ.ഉ.(കൈ) നം.14/2017/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 02.08.2017.

==========================================================================

പരാമർശം:
1. സ.ഉ.(പി) നം. 84/75/H.Edn., തീയതി 20.05.1975.
2. സ.ഉ.(എം.എസ്) നം.40/91/പ.ജ.പ.വ.വി.വ., തീയതി 04.11.1991.
3. സ.ഉ.(എം.എസ്) നം. 10/14/പി.സ.വി.വ., തീയതി 23.05.2014.
4. സ.ഉ.(എം.എസ്) നം. 07/16/പി.സ.വി.വ., തീയതി 25.08.2016.
5. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 24.05.2017, 19.07.2017 തീയതികളിലെ BCDD/B3/1398/17 നമ്പർ കത്തുകൾ.

## ഉത്തരവ്

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നീക്കിവെച്ചിട്ടുള്ള സംവരണ സീറ്റുകളിൽ വിദ്യാർത്ഥികളെ ലഭിക്കാതെ വന്നാൽ ടി സീറ്റുകൾ ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2. പരാമർശം (2) -ലെ സർക്കാർ ഉത്തരവ് പ്രകാരം ഒ.ഇ.സി. വിഭാഗങ്ങളുടെ പട്ടിക സമഗ്രമായി പരിഷ്കരിച്ച് ഉത്തരവായിരുന്നു. ടി പട്ടികയിൽ ഉൾപ്പെട്ട സമുദായങ്ങൾക്കാണ് പട്ടികജാതി വിദ്യാർത്ഥികളുടെ അഭാവത്തിൽ സംവരണാനുകൂല്യം ലഭിക്കേണ്ടത്.

3. പരാമർശം (3) -ലെ സർക്കാർ ഉത്തരവിൽ ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട പിന്നോക്ക ഹിന്ദുക്കളുടെ ഗ്രൂപ്പായ ഒ.ബി.എച്ച് വിഭാഗത്തിൽ ഉൾപ്പെട്ട 30 ഇതര സമുദായങ്ങളിലെ ആറ് ലക്ഷം രൂപയിൽ അധികരിക്കാത്ത വാർഷിക വരുമാനമുള്ള ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കിൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിച്ചിരുന്നു. ടി സമുദായങ്ങൾ ഒ.ഇ.സി. പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലെങ്കിലും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഒഴിവുള്ള സീറ്റുകളിൽ ഹയർ സെക്കന്ററി സ്കൂൾ / കോളേജു കളിൽ പ്രവേശനം നേടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹയർ സെക്കന്ററി സ്കൂൾ/കോളേജ് പ്രവേശന ത്തിൽ മറ്റ് ഇതര സമുദായങ്ങളിലെ അർഹതപ്പെട്ട (ഒ.ഇ.സി) വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട ആനുകൂല്യം മറ്റ് സമുദായാംഗങ്ങൾ നേടുന്നതായും ഇത് സംബന്ധിച്ച് വ്യക്തത വരുത്തണമെന്നും പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ പരാമർശ കത്തുകളിലൂടെ സർക്കാരിനോട് അഭ്യർത്ഥിച്ചു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 23.05.2014 -ലെ ജി.ഒ.(എം.എസ്) നം. 10/2014/പി.സ.വി.വ ഉത്തരവിന്റെ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 30 സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നതിന് മാത്രമേ അർഹതയുള്ളൂ എന്നും, സ്കൂൾ / കോളേജ് പ്രവേശനത്തിന് പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഒഴിവുള്ള സീറ്റുകളിലേക്ക്

(......2)

അർഹതയില്ലെന്നും സ്പഷ്ടീകരണം നൽകി ഉത്തരവാകുന്നു. കൂടാതെ അനുബന്ധമായി ചേർത്തിട്ടുള്ള ലിസ്റ്റിൽ ഉൾപ്പെട്ട ഒ.ഇ.സി (പട്ടികവർഗ്ഗം) 12 വിഭാഗങ്ങൾക്കും, ഒ.ഇ.സി. (പട്ടികജാതി) 8 വിഭാഗങ്ങൾക്കും മാത്രമേ ഇത്തരത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഒഴിവുള്ള സീറ്റുകളിലേക്ക് പ്രവേശനം നൽകാവൂ എന്ന് സ്പഷ്ടീകരണം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**വിജയകുമാർ. ആർ**
**ഗവ. ജോയിന്റ് സെക്രട്ടറി**

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, വെള്ളയമ്പലം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം
ഡയറക്ടർ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, തിരുവനന്തപുരം
ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
രജിസ്ട്രാർ - കേരള / മഹാത്മാ ഗാന്ധി / കുസാറ്റ് / കോഴിക്കോട് /കണ്ണൂർ / തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല / എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല / ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല / ആരോഗ്യ സർവ്വകലാശാല
✓ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഉന്നത വിദ്യാഭ്യാസ വകുപ്പ്
പൊതുവിദ്യാഭ്യാസ (റ്റി / യു / എസ്.സി) വകുപ്പുകൾക്ക്
പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ

പകർപ്പ് :

ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പിന്നാക്ക വിഭാഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്

# List of Other Eligible Communities
## (Annexure to G.O.(MS)No.14/2017/BCDD, Dated 02.08.2017)

### OEC (ST)

1 Allar (Alan)
2 Chingathan
3 Irivavan
4 Kalanadi
5 Malayan, Konga-Malayan (Kasaragod, Kannur, Wayanad & Kozhikode Districts)
6 Kundu – Vadiyan
7 Kunuvarmanadi
8 Malamuttan
9 Malavettuvar (Except Kasaragod & Kannur Districts)
10 Malayalar
11 Panimalayan
12 Pathiyan (other than Dhobies)

### OEC (SC)

1 Chakkamar
2 Madiga
3 Chemman / Chemmar
4 Kudumbi
5 Dheevara / Dheevaran
(Arayan, Valan, Nulayan, Mukkuvan, Arayavathi, Valanchiyar, Paniyakal, Mokaya, Bovi, Magayar, Mogaveerar)
6 Scheduled Caste converted to Christianity
7 Kusavan, Kulalan, Kumbharan, Velaan, Odan, Andhra Nair, Andhuru Nair
8 Pulayan Vettuvan (Except Kochi State)